# ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ

നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6


പ്രിയ സഹോദരീ സഹോദരന്മാരേ,
പ്രണാമം.

എക്കോസ് ഇന്ത്യയുടെ പ്രചാരവും അത് ലഭ്യമാകുന്ന പ്രദേശങ്ങളും ഏറിവരുന്നുണ്ടെന്നറിയുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ ലക്കത്തിലേക്കായി എല്ലാ മേഖലകളിൽ നിന്നും ധാരാളം ലേഖനങ്ങൾ ഞങ്ങൾക്ക് ലഭിച്ചു. തിരുപ്പൂരിൽ 2009 ജൂലൈയിൽ നടന്ന എക്കോസ് ഇന്ത്യ വളൻറിയർമാരുടെ യോഗത്തിനുശേഷം ലഭിച്ച ലേഖനങ്ങളുടെ മേന്മയും വ്യാപ്തിയും വർദ്ധിച്ചിട്ടുണ്ട്. സ്ഥല പരിമിതി മൂലം ലഭിച്ച ലേഘനങ്ങളെ തിരഞ്ഞെടുക്കുന്നത് ക്ലേശകരമായ പ്രവർത്തിയായിരുന്നു.

ഈ ലക്കത്തിൽ മുഖ്യമായും ആന്ധ്രപ്രദേശ്, കർണാടകം, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ മാസ്റ്റർ നടത്തിയ പര്യടനങ്ങളുടെ വിവരണങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. ഈ യാത്രയിൽ പ്രമുഖമായത് ഖരഗ്പൂരിലുള്ള രണ്ടാമത്തെ ക്രെസ്റ്റിൻെറ (CREST) ഉദ്ഘാടനമാണ്.

ചെന്നൈയിലെ മണപ്പാക്കം ആശ്രമം ദീപാവലി ആഘോഷത്തിൻെറ ഒരുക്കങ്ങൾക്കായുള്ള പ്രവർത്തനങ്ങളാൽ സജീവമായിരുന്നു.


വിവിധ മേഖലകളിൽ നടന്ന നിരവധി പരിശീലന പരിപാടികളും തുറന്ന സദസ്സുകളും, ബാംഗ്ലൂരിൽ നടന്ന യുവാക്കളുടെ പരിശീലന പരിപാടിയും, നിരവധി പ്രാദേശിക പരിപാടികളും, ജയ്പ്പൂരിലും എറണാകുളത്തും നടന്ന വി.ബി.എസ്.ഇ (VBSE) പരിശീലന പരിപാടിയും പിന്നെ ഉത്തരാഖണ്ഡിൽ നടന്ന പ്രിസപ്റ്റർമാരുടെ യോഗവുമെല്ലാം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രകാശ കേന്ദ്രം വിഭാഗത്തിൽ ഇത്തവണയുള്ളത് പൻവേൽ ആശ്രമമാണ്.

ഈ പത്രിക ലഭിക്കാതിരിക്കുന്ന നിങ്ങളുടെ കുടുംബത്തിലും അയൽപക്കത്തുമുള്ള സഹോദരീ സഹോദരന്മാർക്ക് ഇത് എത്തിച്ചുകൊടുക്കുകയോ വായിച്ചു കൊടുക്കുകയോ ചെയ്യുക.

സ്നേഹപൂർവ്വം
എഡിറ്റോറിയൽ ടീം

## ചിത്തൂർ

സപ്തംബർ 13–ാം തീയ്യതി ഞായറാഴ്ച ഉച്ചയോടെ മാസ്റ്റർ ചെന്നൈയിൽ നിന്നും ആന്ധ്രപ്രദേശിലേക്കും ഉത്തര കർണ്ണാടകയിലേക്കുമുള്ള യാത്ര തിരിച്ചു. റോഡ് മാർഗ്ഗമുള്ള ഈ യാത്രയിൽ സഹോ. അജയ് ഭട്ടറും മാസ്റ്ററെ അനുഗമിച്ചിരുന്നു.




ചിത്തൂർ ആശ്രമത്തിൽ വച്ച് ആയിരത്തിലധികം വരുന്ന അഭ്യാസികൾ മാസ്റ്റർക്ക് ഊഷ്മള വരവേൽപ്പ് നൽകി. മൂന്ന് മണിക്കൂറത്തെ യാത്രയ്ക്കു ശേഷവും മാസ്റ്റർ ഉല്ലാസവാനായി കാണപ്പെട്ടു. മാസ്റ്റർ എത്തിച്ചേർന്ന ഉടനെ പെയ്ത ചാറ്റൽ മഴ ആശ്രമത്തിലെ സ്വച്ഛമായ അന്തരീക്ഷത്തിന് മാറ്റ് കൂട്ടി. കോട്ടേജിൻെറ പുറത്ത് വച്ച് 5 മണിക്ക് മാസ്റ്റർ സത്സംഗം നടത്തി. പിറ്റേന്ന് കാലത്ത് 7:30 നും, 11:30നും വൈകുന്നേരം 5 മണിക്കും സത്സംഗം ഉണ്ടായിരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. പിന്നീടുള്ള എല്ലാ സ്ഥലങ്ങളിലും ഇതൊരു പതിവായിത്തീർന്നു.

സപ്തംബർ 14–ാം തീയ്യതി രാവിലെ ഒരു





അനൗപചാരിക യോഗം നടത്തി മാസ്റ്റർ അവിടെ സന്നിഹിതരായിരുന്നവരെയെല്ലാം ആനന്ദിപ്പിച്ചു. അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു. “അദ്ധ്യാത്മികതയിൽ ഭാവി എന്നൊന്നില്ല. എന്തായിത്തീരണം എന്ന് ആഗ്രഹിക്കുന്നതിലൂടെയാണ് നാം നമ്മുടെ ഭാവിയെ കെട്ടിപ്പടുക്കുന്നത്. സാധ്യതകൾ പരിമിതമായ സ്ഥൂലതലത്തിൽ വളരാനാണ് ആളുകൾ ശ്രമിക്കുന്നത് എന്നത് ഒരു ദുരന്തമാണ്. എന്നാൽ അദ്ധ്യാത്മിക തലത്തിലാവട്ടെ സാധ്യതകൾ അനന്തമാണ്... നാം കാര്യങ്ങൾ ശരിയായി മനസ്സിലാക്കേണ്ടതുണ്ട്. ധ്യാനം അച്ചടക്കം ഉണ്ടാക്കുന്നു. ശുദ്ധീകരണം നമ്മെ ഒരുക്കുന്നു. സംപ്രേക്ഷണം (ട്രാൻസ്മിഷൻ) നമ്മെ വളരാൻ സഹായിക്കുന്നു. പ്രിസെപ്റ്റർമാർ ഇതേക്കുറിച്ചെല്ലാം സംസാരിക്കേണ്ടതാണ് പക്ഷെ അവർ അത് ചെയ്യുന്നില്ല.“





അന്നു രാത്രി കോട്ടേജിൻെറ വെളിയിൽ നിശ്ശബ്ദരായി കാത്തിരുന്നവർക്ക് സന്തോഷമേകിക്കൊണ്ട് 8:45 ന് മാസ്റ്റർ പുറത്തേക്ക് വന്നു. പിന്നീട് അദ്ദേഹം ഏകദേശം അര മണിക്കൂർ സംസാരിച്ചു. നമ്മൾ സ്വയം പുനർവിചിന്തനം ചെയ്യേണ്ടതിൻെറയും ഭാവിയിലേക്ക് നടന്നു ചെല്ലാൻ സ്വയം പാകപ്പെടേണ്ടതിൻേറയും പ്രാധാന്യത്തെപ്പറ്റി അദ്ദേഹം തൻെറ ഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. (http://www.sahajmarg.org/literature/online/speeches/reappraise-yourself).

സപ്തംബർ 15–ാം തീയ്യതി മാസ്റ്റർ കഡപ്പയിലേക്ക് യാത്ര തിരിച്ചു.

ഉച്ചയോടെ കഡപ്പയിലെത്തിച്ചേർന്ന മാസ്റ്ററെ ഏകദേശം 1500 ഓളം വരുന്ന അഭ്യാസികൾ ഹൃദ്യമായി വരവേറ്റു. ആയിരത്തിലധികം പേരെ ഉൾക്കൊള്ളാവുന്ന, പുതുതായി നിർമ്മിച്ച ധ്യാന മന്ദിരം മനോഹരമായി അലങ്കരിച്ചിരുന്നു. ചാരുതയേറിയ ഈ മന്ദിരം 3 ഏക്കറും 30 സെൻറും വരുന്ന ആശ്രമ ഭൂമിയിൽ തലയെടുപ്പോടെ നിന്നു. എത്തിച്ചേർന്ന ഉടൻ മാസ്റ്റർ മേൽപ്പറഞ്ഞ ധ്യാന മന്ദിരം ഉദ്ഘാടനം ചെയ്തു. 4:30–ന് സത്സംഗം നടത്തി. പിന്നീട് അഭ്യാസികൾ തങ്ങളുടെ കുട്ടികളുടെ നാമകരണം നടത്താൻ മാസ്റ്ററോട് അഭ്യർത്ഥിച്ചപ്പോൾ കുട്ടികളുടെ പേരിൻെറ കൂടെ ജാതി സംജ്ഞ ചേർക്കില്ല എന്ന ഉറപ്പ് തന്നാൽ മാത്രമേ താൻ പേരിടൽ നടത്തുകയുള്ളൂ എന്ന് മാസ്റ്റർ പ്രതികരിച്ചു.

താരതമ്യേന ചെറിയ ഈ സെൻററിൽ സ്തുത്യർഹമായ സേവനം നിർവ്വഹിച്ച വളണ്ടിയർമാരെ അനുഗ്രഹിച്ച ശേഷം മാസ്റ്റർ നന്ദ്യാലിലേക്ക് പോയി.

മാസ്റ്ററുടെ കോട്ടേജിലേക്കുള്ള നടപ്പാതക്കരികിൽ പൂച്ചെടികൾ വരിവരിയായി അണിനിരന്നിരുന്നു. മാസ്റ്റർ ആദ്യം തൻെറ കോട്ടേജിൻെറ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്നദ്ദേഹം അതിനടുത്തുള്ള ധ്യാനമന്ദിരത്തിലേക്ക് നടന്ന്, റിബ്ബൺ (നാട) മുറിച്ച് ഉദ്ഘാടനം ചെയ്തു. അടുത്ത ദിവസം, സപ്തംബർ 17–ന മാസ്റ്റർ ഒരഭ്യാസി കുടുംബം നടത്തിവരുന്നൊരു വിദ്യാഭ്യാസ സ്ഥാപനം സന്ദർശിച്ചു. നന്ദ്യാലിൽ നിന്നും എകദേശം 90





**NANDYAL** **KURNOOL**

മിനിറ്റ് യാത്രാദൂരമുള്ള കർണൂൽ ആയിരുന്നു അദ്ദേഹത്തിൻെറ യാത്രയിലെ അടുത്ത സന്ദർശന സ്ഥലം.

മാസ്റ്റർ കർണൂലിൽ കാലത്ത് 11:20–ന് എത്തിച്ചേർന്നു. അധികം വൈകാതെ അദ്ദേഹം ധ്യാനമന്ദിരം പൂജ്യ ബാബുജി മഹാരാജിന് സമർപ്പിച്ചു കൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന സത്സംഗത്തിൽ എകദേശം 1500 അഭ്യാസികൾ പങ്കെടുത്തു. അതിന് ശേഷം അദ്ദേഹം ധ്യാനമന്ദിര സമുച്ചയത്തിൻെറ ഭാഗമായ തൻെറ കോട്ടേജിൻെറ ഉദ്ഘാടനവും നിർവ്വഹിച്ചു. കോട്ടേജിലേക്ക് നടക്കവെ ഒരാൾ ഈ ആശ്രമം വളരെ നല്ലതാണെന്ന് അഭിപ്രായപ്പെട്ടു. അതിന് മറുപടിയായി തൻെറ എല്ലാ ആശ്രമങ്ങളും നല്ലതാണെന്ന് മാസ്റ്റർ പറഞ്ഞു. നല്ല ആശ്രമങ്ങൾ ആർക്കു വേണമെങ്കിലും നിർമ്മിക്കാം, പക്ഷെ താൻ കൂടുതൽ നല്ല അഭ്യാസികളെയാണ് കാണാൻ ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

വൈകുന്നേരം മാസ്റ്റർ കോട്ടേജിന് പുറത്ത് വന്നിരുന്ന് അഭ്യാസികളുമായി സംസാരിച്ചു.

– ഒരു കുട്ടിക്ക് എങ്ങനെ വിശ്രമം ആവശ്യമാണോ അതു പോലെ തന്നെ തൻെറ പ്രായമുള്ളവർക്കും വിശ്രമം ആവശ്യമാണെന്നദ്ദേഹം പറഞ്ഞു. മഹാഭാരതത്തിൽ നിന്നും ധൃതരാഷ്ട്രരുടെ വാക്കുകളെ ഉദ്ധരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു, നമുക്കാഗ്രഹമുള്ളപ്പോൾ നമുക്കുറക്കം വരികയില്ല – അതു വരുമ്പോൾ നാം ഉറങ്ങാൻ ശ്രമിക്കണം.

– 5000 അഭ്യാസികളുടെ സംഘത്തെ നശിപ്പിക്കാൻ വെറും 50 മോശം അഭ്യാസികൾ മതിയാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വലിയ അളവിലുള്ള പാലിൽ ഏതാനും തുള്ളി വിഷം ചേർത്താലുള്ള അവസ്ഥയെ മാസ്റ്റർ ഉദാഹരിച്ചു.

– ഒരഭ്യാസി മാസ്റ്ററോട് അഭ്യാസികളുടെ കുട്ടികൾക്ക് 16–ാം വയസ്സിൽ സാധന തുടങ്ങുന്നതിനെക്കുറിച്ച് സംശയം ചോദിച്ചു. അതിനുള്ള ശരിയായ സമയം വരെ, അതായത് 18 വയസ്സ് വരെ, കാത്തുനിൽക്കണമെന്ന് മാസ്റ്റർ പറഞ്ഞു. ഇതിനുദാഹരണമായി മാസ്റ്റർ പറഞ്ഞത് സന്തുഷ്ട ദാമ്പത്യ ജീവിതം നയിക്കുന്ന ദമ്പതിമാരെ കണ്ടിട്ട് അതു പോലെ സന്തോഷിക്കുവാനായി 12 വയസ്സുള്ളൊരു കുട്ടി വിവാഹം കഴിക്കുവാനായി ആഗ്രഹിച്ചാൽ അതനുവദനീയമല്ല. എല്ലാത്തിനും അതിൻേറതായ ശരിയായ സമയമുണ്ട്.

18–ാം തിയ്യതി കാലത്ത് 7:30–ന മാസ്റ്റർ സത്സംഗം നടത്തി, അതിനു ശേഷം അദ്ദേഹം 9 മണിയോടെ കർണ്ണാടകത്തിലെ റായ്ച്ചൂരിലേക്ക് യാത്ര തിരിച്ചു. ഗഡ്‌വാൾ വഴി സഞ്ചരിച്ച അദ്ദേഹം അവിടെ തന്നെ കാത്തുനിന്നിരുന്ന അഭ്യാസികളെ സന്തോഷിപ്പിച്ചു കൊണ്ട് കുറച്ച് നേരം തങ്ങി. രണ്ടര മണിക്കൂർ സഞ്ചരിച്ച് അദ്ദേഹം റായ്ച്ചൂരിലെത്തി, അതിലെ അവസാന ഒരു മണിക്കൂറും യാത്ര ഒട്ടും തന്നെ വീതിയില്ലാത്ത, കഴിഞ്ഞ രണ്ടാഴ്ച്ച മുൻപ് പെയ്ത മഴ മൂലം കേടുപാടുകൾ വന്ന, റോഡിലൂടെയായിരുന്നു.

റായ്ച്ചൂർ ആശ്രമം മിഷൻെറ ആദ്യകാല ആശ്രമങ്ങളിലൊന്നാണ്. 1970–ൽ ബാബുജി മഹാരാജാണ് ഇതിൻെറ ഉദ്ഘാടനം നിർവഹിച്ചത്. 22 വർഷങ്ങൾക്ക് ശേഷമാണ് മാസ്റ്റർ ഈ ആശ്രമം സന്ദർശിക്കുന്നത്. കർണ്ണാടകത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും വന്ന എകദേശം 1300–ഓളം അഭ്യാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു. ധ്യാനമന്ദിരത്തിനോടനുബന്ധിച്ചുള്ള തൻെറ കോട്ടേജ് അദ്ദേഹം ഉദ്ഘാടനം ചെയ്തു.

സപ്തംബർ 17–ന രാവിലെ സത്സംഗത്തിനും പ്രാതലിനും ശേഷം മാസ്റ്റർ 7:45–ഓടെ ഹൈദരാബാദിലേക്ക് പുറപ്പെട്ടു. എകദേശം 250 കി.മി. ദൈർഘ്യമുള്ള യാത്രയായിരുന്നു അത്. എകദേശം 100 കി.മി കഴിഞ്ഞപ്പോൾ മാസ്റ്റർ മെഹ്ബൂബ് നഗറിലുള്ള ഒരു ഗസ്റ്റ് ഹൗസിൽ ലഘു വിശ്രമത്തിനായി ഇറങ്ങി. വിശ്രമ കേന്ദ്രത്തിൽ തന്നെ നൂറു കണക്കിന് അഭ്യാസികൾ കാത്തുനിന്നിരുന്നതിനാൽ അദ്ദേഹത്തിനു വിശ്രമമുണ്ടായില്ല. തന്നെ കാത്തുനിൽക്കുന്ന അഭ്യാസികളെ ശ്രദ്ധിക്കാൻ താൻ ബാദ്ധ്യസ്ഥനാണ് എന്നദ്ദേഹം പറഞ്ഞു. അദ്ദേഹം പുറത്തു വന്ന് എല്ലാവർക്കും ഒരു സിറ്റിംഗ് നൽകി. അതിന് ശേഷം മാസ്റ്റർ ആ സെൻററിനെക്കുറിച്ച് അവിടുത്തെ പ്രിസപ്റ്ററോട് അന്വേഷിച്ചു. താൻ സന്തോഷവാനാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം പ്രിസപ്റ്ററുടെ പുറത്തു തട്ടി അഭിനന്ദിച്ചു. അധികം വൈകാതെ മാസ്റ്റർ തൻെറ യാത്ര തുടർന്നു. ഉച്ചഭക്ഷണത്തിനു ശേഷം തുംകുംടയിലേക്ക് യാത്ര തുടർന്ന അദ്ദേഹം അവിടെ വൈകുന്നേരം 4:20–ഓടെ എത്തിച്ചേർന്നു. മൊത്തം 8 മണിക്കൂറിൽ കൂടുതൽ ദൈർഘ്യമുള്ളതായിരുന്നു അദ്ദേഹത്തിൻെറ യാത്ര. പ്രധാന കവാടം മുതൽ അദ്ദേഹത്തിൻെറ കോട്ടേജ് വരെ നിശ്ശബ്ദരായി അണി നിരന്ന അഭ്യാസികൾ അദ്ദേഹത്തെ സ്നേഹപൂർവ്വം വരവേറ്റു. ചെന്നൈയിൽ നിന്നും റോഡ് മാർഗ്ഗം ഇത്രയും ദൂരം സഞ്ചരിച്ചു വന്ന മാസ്റ്റർ ക്ഷീണിതനായിരുന്നെങ്കിലും വളരെ സന്തോഷവാനായി കാണപ്പെട്ടു.

സപ്തംബർ 20, ഞായറാഴ്ച്ച കാലത്ത് 7:10–ന തന്നെ മാസ്റ്റർ ധ്യാനമന്ദിരത്തിലെത്തി. 6000 പേർക്കിരിക്കാൻ സ്ഥല സൗകര്യമുള്ള, നിറഞ്ഞു കവിഞ്ഞ ധ്യാനമന്ദിരത്തിൽ അദ്ദേഹം സന്തോഷപൂർവ്വം അഭ്യാസികൾക്കായി കാത്തിരുന്നു. ഒരു "ഭണ്ഡാര"ക്ക് സമാനമായ അന്തരീക്ഷമായിരുന്നു അവിടെ. സംസ്ഥാനത്തെ വിവിധ സെൻററുകളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും അഭ്യാസികൾ വന്നു ചേർന്നിരുന്നു. എകദേശം 800 ആളുകൾക്ക് താമസിക്കാവുന്ന 5 കൂടാരങ്ങളിലായി എല്ലാവർക്കും തന്നെ അവിടെ താമസ സൗകര്യമുണ്ടായിരുന്നു.

സപ്തംബർ 21–ന് രാവിലെ 7:30 മണിക്ക് സഹോ. അജയ് സത്സംഗം നടത്തി. വൈകുന്നേരം സഹോ. സൗമ്യയുടെ ഭരതനാട്യം ഉണ്ടായിരുന്നു. മകൻ ശ്രീ കൃഷ്ണനോടുള്ള യശോദയുടെ മാതൃസ്നേഹം വെളിപ്പെടുത്തുന്ന ഈ നൃത്തം കാണുവാൻ മാസ്റ്റർ ധ്യാന മന്ദിരത്തിൽ ഉപസ്ഥിതനായിരുന്നു.

സപ്തംബർ 22–നു രാവിലെ 10:30 മണിക്കു മാസ്റ്റർ പോകുവാൻ പുറപ്പെട്ടപ്പോൾ വളരെ അച്ചടക്കത്തോടു കൂടി അഭ്യാസികൾ വഴിയിലുടനീളം തങ്ങളുടെ

**RAICHUR** **MAHBOOBNAGAR**









സ്നേഹവും കൃതജ്ഞതയും അദ്ദേഹത്തെ അറിയിക്കുവാൻ കാത്തു നിന്നിരുന്നു. മാസ്റ്റർ അന്നത്തെ രാത്രി എയർപോർട്ടിന് അടുത്തുള്ള ഒരു അഭ്യാസിയുടെ വീട്ടിൽ ചെലവഴിച്ചു. 23–ാം തീയ്യതി രാവിലെ കൊൽക്കത്തയിലേക്കു പോകുന്നതിനു മുൻപ് അദ്ദേഹം ശാന്തമായ ഒരു രാത്രി അവിടെ ചെലവഴിച്ചു.

അങ്ങനെ ആന്ധ്രപ്രദേശിലൂടെയും, കർണ്ണാടകയിലൂടെയും തുടർന്നു വീണ്ടും ആന്ധ്രപ്രദേശിലൂടെയുമുള്ള 10 ദിവസം നീണ്ടു നിന്ന മാസ്റ്ററുടെ കരമാർഗ്ഗമുള്ള യാത്ര അവസാനിച്ചു. കാരുണ്യവും സ്നേഹവും പ്രതിജ്ഞാബദ്ധതയും തിടുക്കവും നിറഞ്ഞു നിന്നതായിരുന്നു ഈ യാത്ര. മറ്റു കാര്യങ്ങളിൽ പങ്കെടുക്കുന്നതിനു പുറമെ അദ്ദേഹം 10 പ്രിഫെക്റ്റുകളെകൂടി ഈ സമയത്ത് വാർത്തെടുത്തു. അദ്ദേഹം നന്ദ്യാലിൽ ഉണ്ടായിരുന്നപ്പോൾ പത്തു വയസ്സുള്ള ഒരു കൊച്ചു കുട്ടി അദ്ദേഹത്തോട് വളരെ സ്നേഹത്തോടെ ഇതു നന്ദ്യാലിലേക്കുള്ള മാസ്റ്ററുടെ ആദ്യത്തെ സന്ദർശനമായിരുന്നതിനാൽ ഒരു ദിവസം കൂടി അവിടെ തങ്ങിക്കൂടെ എന്ന് ചോദിക്കുകയുണ്ടായി. മാസ്റ്റർ അപ്പോൾ ഇങ്ങനെ ചോദിച്ചു "ഒരു വൃദ്ധന് വളരെ കുറച്ചുള്ളതും യുവാക്കൾക്ക് വളരെ കൂടുതലുള്ളതുമായ വസ്തു എന്താണ്?" ആ കുട്ടി പല ഉത്തരങ്ങളും പറഞ്ഞു നോക്കി. അവസാനം മാസ്റ്റർ തന്നെ അവനോടു പറഞ്ഞു "സമയം" . മാസ്റ്റർ ആ കുട്ടിയോട് ഇങ്ങനെ പറഞ്ഞു "നീ ഒരു കൊച്ചു കുട്ടിയാണ് നിനക്കു ഒരു പാട് സമയം ഉണ്ട്. പക്ഷെ ഞാൻ ഒരു വൃദ്ധനാണ് എനിക്കു ചെറിയ സമയത്തിനുള്ളിൽ കുറേയധികം ചെയ്തു തീർക്കാനുണ്ട്. അതുകൊണ്ട് എനിക്കു കർണൂലിൽ പോയേ മതിയാകൂ". ഈ തിടുക്കം അദ്ദേഹത്തിന്റെ മുഴുവൻ യാത്രകളിലും പ്രകടമായിരുന്നു.

## കൊൽക്കത്ത

23–ാം തീയ്യതി ഇവിടെ എത്തിയ മാസ്റ്റർ നേരിട്ട് ആശ്രമത്തിലേക്ക് പോകുകയായിരുന്നു. അന്നത്തെ ദിവസം മുഴുവനും അദ്ദേഹം വിശ്രമിച്ചു. 24–നു വൈകുന്നേരവും 25–ന് രാവിലെയും വൈകിട്ടും മാസ്റ്റർ സത്സംഗം നടത്തി. 26–ാം തീയ്യതി സത്സംഗത്തിനുശേഷം അദ്ദേഹം ഇന്ത്യയിലെ ആദ്യത്തെ സ്കോളർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ നാൽപ്പതു പേരുള്ള ബാച്ചിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അദ്ദേഹം പങ്കെടുത്തവരോട് അന്വേഷണ ബുദ്ധിയോടു കൂടി കാര്യങ്ങളെ നേരിടാനും അതുവഴി അറിവു നേടുവാനും ആഹ്വാനം ചെയ്തു. തലച്ചോറിൽ മാത്രം ഊന്നൽ നൽകാതെ ഹൃദയത്തിന് കൂടുതൽ പ്രാധാന്യം നൽകുവാൻ അദ്ദേഹം പറഞ്ഞു. (http://www.sahajmarg.org/literature/online/speeches/the-spirit-of-inquiry). സഹജ മാർഗ്ഗത്തിലെ നിയമങ്ങളെക്കുറിച്ച് സംസാരിച്ച സഹോ. ബാലസുബ്രമണ്യൻ, പഠനം, അറിവ്, ഒരു ഗുരുവിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് വേദാന്തങ്ങളെ ഉദ്ധരിച്ചു കൊണ്ട് പ്രഭാഷണം നടത്തി.

## ഖരഗ്പൂർ

26–ാം തീയ്യതി വൈകിട്ട് മാസ്റ്റർ സഹോ. അജെയുടെ വീട്ടിലേക്കു തിരിച്ചു. അവിടെ നിന്നും പിറ്റേന്നു രാവിലെ അദ്ദേഹം ഖരഗ്പൂരിലുള്ള





KOLKATA



KHARAGPUR

ക്രെസ്റ്റിലേക്കു പോയി. പതിനൊന്നു മണിക്ക് അവിടെ എത്തിച്ചേർന്ന മാസ്റ്റർ അൽപ നേരത്തെ വിശ്രമത്തിനുശേഷം ക്യാമ്പസിനു ചുറ്റും സഞ്ചരിച്ചു. ധ്യാന മന്ദിരവും ഓഫിസ് ബ്ലോക്കിലുള്ള ലൈബ്രറിയും ഡയറക്റ്ററുടെ വസതിയും, ഓഫീസും ഫാക്കൽറ്റി മുറികളും അദ്ദേഹം സന്ദർശിച്ചു. അവിടുത്തെ ജോലികളിലെ ഗുണമേന്മയിൽ അദ്ദേഹം വളരെ സന്തുഷ്ടനായി കാണപ്പെട്ടു. അടുക്കളയുടെ ഉദ്ഘാടനത്തിനുശേഷം അദ്ദേഹം ക്യാൻറീൻ സന്ദർശിച്ചതിനു ശേഷം ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറിയിൽ എത്തിച്ചേർന്നു. അൽപനേരം അവിടെ ചിലവഴിച്ച അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഏറ്റവും കുറച്ച് ഊർജ്ജം ചിലവാക്കി ഏറ്റവും കൂടുതൽ നേടുന്നതിലാണ് കാര്യക്ഷമത. ദൈവത്തിന്റെ നിർവചനം പൂജ്യത്തിൽ നിന്നും അനവധി നേടുക എന്നതാണ്. നമ്മളും അതിനു വേണ്ടിയാണ് പരിശ്രമിക്കേണ്ടത്".

സ്കോളർഷിപ് പ്രോഗ്രാം രാവിലെ അഞ്ചു മുതൽ രാത്രി പത്തു വരെ എന്ന രീതിയിൽ തുടർന്നു കൊണ്ടിരുന്നു. ഇവിടെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. മിഷനിലെ സേവനം, ദശ സൂക്തങ്ങളും സ്വഭാവ രൂപീകരണവും, ക്ഷമയും കാരുണ്യവും, പ്രസാദവും എംബ്ലവും, മൂന്നു മാസ്റ്റർമാർ, സഹജ മാർഗ്ഗത്തിന്റെ വേരുകൾ, സദാചാരവും ധാർമ്മികതയും, മാറ്റം, നിരന്തരസ്മരണ, എസ്.എം.എസ്.എഫ്, എസ്.എം.ആർ.ടി.ഐ, എസ്.ആർ.സി.എം, എസ്.എച്.പി.ടി, ഒരു സെൻററിനെ എങ്ങനെ കർമ്മോദ്യുക്തമാക്കാം, എങ്ങനെ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കാം എന്നിവയായിരുന്നു അതിലെ ചില വിഷയങ്ങൾ.

അഭ്യാസികളുമൊത്ത് ചിലവിട്ട ഒരു വൈകുന്നേരം, ആഗ്രഹങ്ങളെ എങ്ങനെ ഇല്ലാതാക്കാം എന്ന ചോദ്യത്തിനു മറുപടി പറയവെ അദ്ദേഹം ഇങ്ങനെ പറഞ്ഞു " നമ്മൾ ചെറിയ കാര്യങ്ങളിൽ നിന്നും തുടങ്ങണം പിന്നീട് വലിയ കാര്യങ്ങളിലേക്ക് അത് വ്യാപിപ്പിക്കണം".

സപ്തംബർ 28–ാം തീയ്യതി ക്രെസ്റ്റ് ഖരഗ്പൂരിന്റെ ഔപചാരിക ഉദ്ഘാടനം ധ്യാന മന്ദിരത്തിൽ നാട മുറിച്ചു കൊണ്ട് മാസ്റ്റർ നിർവ്വഹിച്ചു. ക്രെസ്റ്റിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും, പിന്നെ ഭഗവത് ഗീതയെ മാത്രം ആസ്പദമാക്കി ഒരു പ്രൊഗ്രാം നടത്തുന്നതിനായുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെക്കുറിച്ചും ഒരു ചെറിയ പ്രഭാഷണത്തിലൂടെ പ്രകടിപ്പിച്ചു. നമ്മളെല്ലാവരും ദിവസത്തിൽ ഒരദ്ധ്യായമെങ്കിലും വായിക്കുവാനും അതിന്റെ

ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
മാസ്റ്ററുടെ യാത്രകൾ
നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6



MASTER'S COTTAGE ADMIN BLOCK DINING & KITCHEN DORMITORIES MEDITATION HALL

അർത്ഥം മനസ്സിലാക്കുവാനും പിന്നെ അതിനെ പറ്റി ദീർഘമായി ചിന്തിക്കുവാനും ശ്രമിക്കണമെന്നും അദ്ദേഹം ആരാഞ്ഞു. സദാചാരത്തിനും ധാർമ്മികതയ്ക്കും ഊന്നൽ നൽകുന്നതായിരിക്കും ഈ ക്രെസ്റ്റ് എന്നതിനാൽ, ഇവിടം ബാംഗ്ലൂരിലെ ക്രെസ്റ്റിൽ നിന്നും വ്യത്യസ്തമായിരിക്കും എന്നും അദ്ദേഹം പറഞ്ഞു. ( http://www.sahajmarg.org/ literature/online/ speeches/ dare-to-think )

അന്തരീക്ഷത്തിലെ ഊർജ്ജവും, ചൂടും, ധാരാളമായിരുന്നിട്ടും മാസ്റ്ററുടെ രണ്ടു ദിവസത്തെ സാന്നിധ്യം എല്ലാവരിലും വളരെയധികം പ്രസരിപ്പും ഊർജ്ജവും നൽകി. 30-ാം തിയതി അദ്ദേഹം ഇപ്രകാരം ഒരു പ്രഭാഷണം നൽകി "ഒരു സിദ്ധന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണ്? പ്രധാന കാര്യം സംതുലിതമായ അവസ്ഥയിൽ തുടരുക എന്നതാണ്, സുഖത്തിലും ദുഃഖത്തിലും മാറ്റമില്ലാതെ, പൂർണ്ണാരോഗ്യത്തിലും അസുഖത്തിലും മാറ്റമില്ലാതെ, അകവും പുറവും ഒരു പോലെ-പരിപൂർണ്ണ സംതുലിതാവസ്ഥ (സംതുലനം).... അതുകൊണ്ട് നാം ഒരു കാര്യം മനസ്സിലാക്കണം ഈ അവസരങ്ങൾ എല്ലാവർക്കും ലഭിക്കുകയില്ല, പിന്നീടെപ്പോഴും ലഭിക്കുകയുമില്ല. മാസ്റ്ററുടെ കൃപകൊണ്ട് നിങ്ങൾക്ക് ഇപ്പോൾ ഇത് ലഭിച്ചിരിക്കുകയാണ്. ഏതോ ഒരു കാരണം നിങ്ങളെ ഇവിടെ കൊണ്ടു വന്നിരിക്കുകയാണ്, നമ്മൾ ഇവിടെ തന്നെയുണ്ടാവണം എന്ന് പ്രാർത്ഥിക്കുക- ഞാനുദ്ദേശിച്ചത് ഞാനിവിടെ തന്നെ ഉണ്ടാവേണമേ കൂടുതൽ പഠിക്കുവാനും കൂടുതൽ പരിശീലിക്കുവാനും, ഇതെല്ലാം നമ്മുടെ കൈയിലാണ് ദൈവത്തിന്റെ കൈയിലല്ല എന്ന് ഓർക്കുവാനുമാണ്." (http://www.sahajmarg.org/literature/online/speeches/Only-purpose-of-life).


അടുത്തദിവസം രാവിലെ 6 മണിക്കു മാസ്റ്റർ കാപ്പി കുടിക്കുന്നതിനിടയിൽ അവിടെ ഉണ്ടായിരുന്ന ജ്ഞാനികൾക്ക് മാസ്റ്ററുമായി അൽപനേരം ഇടപഴകുവാൻ സാധിച്ചു. അദ്ദേഹത്തിന്റെ നർമ്മബോധത്തോടും കഥകളോടും കൂടി അദ്ദേഹം എല്ലാവരെയും മയക്കിയിരുത്തി. പ്രാതലിനുശേഷം അദ്ദേഹം ഖരഗ്പൂരിൽ നിന്നും കൊൽക്കത്തയിലേക്ക് മടങ്ങി.

"നിങ്ങളുടെ വിശ്വാസവും യഥാർത്ഥത്തിൽ അത് എന്താണ് അല്ലെങ്കിൽ എന്തായിരുന്നു എന്നതിനെയും തമ്മിൽ വിശകലനം ചെയ്യുവാനും അത് ചർച്ച ചെയ്യുകയും, അതിനെക്കുറിച്ച് ധൈര്യപൂർവ്വം തുറന്നു സംസാരിക്കുകയും അത് വഴി ഈ സ്ഥാപനം അർഹിക്കുന്ന രീതിയിൽ നിലനിർത്തുകയും ചെയ്യണം. അതിനു വേണ്ടിയാണ് ഇത് നിർമ്മിച്ചത്, അങ്ങനെ വേണം ഇത് ഉപയോഗപ്പെടുത്താൻ."
(ക്രെസ്റ്റ്, ഖരഗ്പൂർ)











## ചെന്നൈ

മാസ്റ്റർ കൊൽക്കത്തയിൽ നിന്നും ചെന്നൈയിലെ മണപ്പാക്കം ആശ്രമത്തിൽ ഒക്ടോബർ 2-ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് എത്തിചേർന്നു. അദ്ദേഹം തന്റെ ദീർഘദൂര യാത്രകൾ കാരണം ക്ഷീണിതനായി കാണപ്പെട്ടു.

ദീപാവലിക്കു മുൻപായി മാസ്റ്റർ ശാന്തമായി ഒരു ആഴ്ച ഇവിടെ ചെലവിട്ടു ഒക്റ്റോബർ 11-ാം തിയതി മുതൽ അഭ്യാസികളുടെ ഒഴുക്ക് ആരംഭിച്ചു. മാസ്റ്റർ ഭരണകാര്യങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നെങ്കിലും അദ്ദേഹത്തിനെ വാതിൽക്കൽ കാണാൻ എത്തിചേരുന്ന എല്ലാ അഭ്യാസികളുമായും ഇടപഴകാൻ അദ്ദേഹം സമയം കണ്ടെത്തി.

16-ാം തിയതി വെള്ളിയാഴ്ച അദ്ദേഹം ബേക്കറി സെക്ഷന്റെ(രുചി ബേക്കറി) ഉദ്ഘാടനം നിർവ്വഹിച്ചു. അദ്ദേഹം തന്റെ ഗോൾഫ് കാർട്ടിൽ അടുക്കള സന്ദർശിച്ചപ്പോൾ അഭ്യാസികൾ വഴിയിലുടനീളം അദ്ദേഹത്തിന്റെ ദർശനത്തിനായി കാത്തു നിൽപ്പുണ്ടായിരുന്നു. അപ്പോൾ ഉണ്ടാക്കിയ വിഭവങ്ങൾ അദ്ദേഹം രുചിച്ചു നോക്കുകയും വിൽപ്പനയുടെ ആരംഭം കുറിക്കുന്നതിനായി ചില പലഹാരങ്ങൾ വിൽക്കുകയും ചെയ്തു.

ഒക്റ്റോബർ 17 ശനിയാഴ്ച ദീപാവലി ദിനത്തിൽ മാസ്റ്റർ വളരെ നേരത്തെ തന്നെ തയ്യാറായിരുന്നു. അഭ്യാസികൾ പുലർച്ചെ മുതൽ തന്നെ മാസ്റ്ററെ കാണുവാൻ കാത്തു നിൽക്കുന്നുണ്ടായിരുന്നു. മാസ്റ്റർ ക്ഷമയോടുകൂടി എല്ലാവരെയും കാണുകയും ദീപാവലി ആശംസകൾ നേരുകയും ചെയ്തു.

മാസ്റ്റർ രാവിലത്തെ സത്സംഗം നടത്തുകയും അനവധി പുസ്തകങ്ങൾ പ്രകാശനം ചെയ്യുകയും ചെയ്തു. വൈകുന്നേരം ഗുജറാത്തിൽ നിന്നുമുള്ള അഭ്യാസികൾ 'ഗർബ' നൃത്തം അവതരിപ്പിച്ചു. മാസ്റ്റർ ഈ പരിപാടിയിൽ പങ്കെടുക്കുവാൻ ധ്യാന മന്ദിരത്തിൽ സന്നിഹിതനായിരുന്നു. പരിപാടിക്കു ശേഷം അദ്ദേഹം നർത്തകിമാരെ അഭിനന്ദിച്ചു. മാസ്റ്ററുടെ കോട്ടേജ് വിളക്കുകളാൽ അലങ്കൃതമായിരുന്നു. അവിടം മുഴുവനും ഒരു ഉത്സവാന്തരീക്ഷം നിലനിന്നിരുന്നു, എല്ലാവരിലും ഈ അവസരത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യം വളരെ സന്തോഷമുളവാക്കി.

# അഭ്യാസികൾക്കുള്ള പരിശീലന പരിപാടികൾ

"നിങ്ങളുടെ ആകാംക്ഷ പ്രോത്സാഹിപ്പിക്കുന്നതിനോ, വർദ്ധിപ്പിക്കുന്നതിനോ വേണ്ടിയല്ല നാം ഇവിടെ കൂടിയിരിക്കുന്നത്. ബാബുജി പറയാറുള്ള അന്വേഷണത്തിനു വേണ്ടിയാണ് നാം ഇവിടെ വന്നിരിക്കുന്നത്. അന്വേഷണബുദ്ധി, വസ്തുക്കളെക്കുറിച്ചുള്ള അന്വേഷണം, ജീവിതത്തിന്റെ പിറകിലുള്ള തത്വശാസ്ത്രത്തെക്കുറിച്ചുള്ള അന്വേഷണം."
പി. രാജഗോപാലാചാരി, കൽക്കത്ത, സപ്തംബർ 26, 2009



സഹജമാർഗത്തിലെ നവാഗതർക്കുവേണ്ടി ധാരാളം പരിശീലന ക്യാമ്പുകളും പൊതുയോഗങ്ങളും രാജ്യത്തുടനീളം സംഘടിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. പ്രിസപ്റ്റർമാരുടെയും മറ്റു അനുഭവസ്ഥരുടെയും അനുഭവങ്ങളും, എസ്.എം.ആർ.ടി.ഐ.യുടെ പാഠ്യപുസ്തകങ്ങളും അഭ്യാസികൾക്ക് ഒരു പുത്തൻ ഉണർവ് പകരുകയും, ലക്ഷ്യത്തിലെത്തുന്നതിന് അവർക്ക് മതിയായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്.

എസ്.എം.ആർ.ടി.ഐ.യുടെ ലെവൽ–1 പരിശീലനപരിപാടി, സാധനയെക്കുറിച്ച് അഭ്യാസികൾക്ക് അടിസ്ഥാനപരമായ കാര്യങ്ങൾ വളരെ ചിട്ടയോടുകൂടി പ്രദാനം ചെയ്യുന്നു. സാധനയുടെ പ്രധാന വശങ്ങളെക്കുറിച്ച് വീഡിയോ –ഓഡിയോ മാധ്യമങ്ങൾ വഴി, മാസ്റ്റർമാർ പറഞ്ഞിട്ടുള്ളതാണ് ഈ പരിപാടിയുടെ മുഖ്യ ആകർഷണം. ആഗസ്റ്റ്, സപ്തംബർ, ഒക്റ്റോബർ എന്നീ മാസങ്ങളിൽ നടത്തിയിട്ടുള്ള പരിശീലന പരിപാടികളെക്കുറിച്ചും ശിൽപശാലകളെക്കുറിച്ചുമുള്ള റിപ്പോർട്ട് നിരീക്ഷിച്ചാൽ, ഇന്ത്യയിലുടനീളമുള്ള മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരേകദേശരൂപം നമുക്ക് ലഭിക്കും.

സപ്തംബർ ആറിന് ആന്ധ്രാപ്രദേശിലെ ആദ്യത്തെ എ.ടി.പി. കാക്കിനാഡയിൽ വെച്ച് സംഘടിപ്പിച്ചു. എസ്.എം.ആർ.ടി.ഐ. സോൺ കോ–ഓർഡിനേറ്റർമാരായ കെ നാഗേശ്വർ റാവു സംഘടിപ്പിച്ച ഈ പരിപാടിയിൽ 20 അഭ്യാസികൾ പങ്കെടുത്തു.

മദ്ധ്യപ്രദേശിലെ ഗ്വാളിയോർ കേന്ദ്രത്തിൽ വെച്ച് സപ്തംബർ 19 മുതൽ 21 വരെ നടത്തിയ എ.ടി.പി.യിൽ അമ്പത് അഭ്യാസികൾ പങ്കെടുത്തു. മദ്ധ്യപ്രദേശിൽ നിന്നുള്ള വ്യത്യസ്ത കേന്ദ്രങ്ങളിലെ വിദഗ്ദർ വിവിധ വിഷയങ്ങളെകുറിച്ച് പരിപാടിയിൽ ക്ലാസ്സെടുത്തു. പരിശീലനത്തിന്റെ ഉദ്ദേശ്യം, ആത്മീയതയുടെ ആവശ്യകത, സന്നദ്ധസേവനം, മാസ്റ്ററോടുള്ള ഭക്തി എന്നിവ അവയിൽ ചിലതായിരുന്നു. "ടു ബി ലൈക് മാസ്റ്റർ" "എവേക്കൺ നൗ" എന്നീ ഡി.വി.ഡി.കൾ പ്രദർശിപ്പിച്ചു. പരിപാടിയുടെ അവസാനത്തിൽ എല്ലാ അഭ്യാസികളും തങ്ങളുടെ ആത്മീയയാത്ര ആത്മാർത്ഥമായി എടുക്കുമെന്ന് പ്രതിജ്ഞയെടുത്തു.

പുതിയതായി ചേർന്ന 50 അഭ്യാസികൾ പങ്കെടുത്ത ഒരു പരിശീലന കളരി, മലയാളത്തിൽ, ആലുവായിലെ കേരളസോണൽ ആശ്രമത്തിൽ വെച്ച് ഒക്ടോബർ 11, ഞായറാഴ്ച നടത്തുകയുണ്ടായി. സഹജമാർഗത്തിന്റെ വിവിധ വശങ്ങളെകുറിച്ച് അവതരണമുണ്ടായി. അഭ്യാസികൾ ഉത്സാഹത്തോടെ ചോദ്യോത്തര വേളയിൽ പങ്കെടുത്തു. ധ്യാനവും ശുദ്ധീകരണവും തമ്മിലുള്ള വ്യത്യാസം, സ്മരണയും ചിന്തയും തമ്മിലുള്ള വ്യത്യാസം, മാസ്റ്ററും ദൈവവും തമ്മിലുള്ള ബന്ധം എന്നിവയായിരുന്നു ഉന്നയിച്ച പ്രധാന ചോദ്യങ്ങൾ. മാസ്റ്റർ ഇപ്പോൾ ഊന്നൽ കൊടുത്തു കൊണ്ടിരിക്കുന്ന സ്വഭാവ രൂപീകരണവും, എന്തുകൊണ്ട് അത് വ്യക്തിഗതമായ ഉത്തരവാദിത്വമാണെന്നതും യോഗത്തിൽ വിശദീകരിച്ചു.


CHITTAPUR


SEDAM


GWALIOR

സപ്തംബർ ആറിനാണ് സഹോദരൻ വിശ്വനാഥും, സഹോദരി വിജയലക്ഷ്മിയും ചേർന്ന് കർണ്ണാടകത്തിലെ മുൾബാഗിൽ വെച്ച് കന്നഡയിലെ ആദ്യത്തെ എ.ടി.പി.(അഭ്യാസി ട്രെയ്നിംഗ് പ്രോഗ്രാം) സംഘടിപ്പിച്ചത്. അമ്പതോളം അഭ്യാസികൾ ഉണ്ടായിരുന്ന ഈ ഗ്രൂപ്പിൽ, മാലൂർ, കോലാർ, കെ.ജി.എഫ്. എന്നീ സമീപ കേന്ദ്രങ്ങളിൽ നിന്നുള്ള അഭ്യാസികളുമുണ്ടായിരുന്നു. ഭൂരിഭാഗം അഭ്യാസികളും ഉത്സാഹത്തോടുകൂടി തന്നെ ഈ പരിപാടിയെ സ്വാഗതം ചെയ്തു.

സപ്തംബർ 13ന് ഒറിയ ഭാഷയിൽ ഒറീസ്സയിലെ റൂർക്കലയിൽ ഒരു എ.ടി.പി. സംഘടിപ്പിച്ചു. 22 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. പരിപാടികൾക്കൊടുവിലെ ചോദ്യോത്തര വേളയിൽ പങ്കെടുത്തവരുടെ സംശയങ്ങൾ ദൂരീകരിച്ചു കൊടുത്തു.

ഒക്റ്റോബർ പതിനൊന്നിന് നോർത്ത് കർണാടകയിലെ ഗുൽബർഗ ജില്ലയിലെ ചിതാപ്പൂർ കേന്ദ്രത്തിൽ വെച്ച് നടത്തിയ പരിപാടിയിൽ 20 അഭ്യാസികൾ പങ്കെടുത്തു. സഹോദരൻ പ്രഹ്ലാദ് പക്നികറും സഹോദരൻ നിജലിംഗപ്പയും ചേർന്ന് നടത്തിയ ഈ പരിപാടിയിൽ എല്ലാ അഭ്യാസികളും സന്തോഷത്തോടുകൂടി പങ്കെടുത്തു. പങ്കെടുത്തവരുടെ എല്ലാ ചോദ്യങ്ങൾക്കും തൃപ്തികരമായ ഉത്തരങ്ങൾ ലഭിച്ചു.

ആഗസ്റ്റ് 30ന് ഗുൽബർഗ ജില്ലയിലെ സേഡം കേന്ദ്രത്തിലെ പരിശീലന പരിപാടിയിൽ 39 അഭ്യാസികൾ പങ്കെടുത്തു. സഹോദരൻ നിജലിംഗപ്പ പരിപാടിയുടെ മേൽനോട്ടം വഹിച്ചു. പരിപാടി എല്ലാ അഭ്യാസികളും സശ്രദ്ധം ശ്രവിക്കുകയും പരിശീലകരുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി പറയുകയും ചെയ്തു. പല സംശയങ്ങളും ചോദ്യോത്തര വേളയിൽ ദൂരീകരിച്ചു.

സഹജമാർഗത്തെ കുറിച്ചുള്ള എല്ലാ സംശയവും ഈ പരിപാടികൾ കൊണ്ട് നിവർത്തിക്കാൻ സാധിച്ചു എന്നുള്ളതിൽ എല്ലാവർക്കും ഒരേ അഭിപ്രായമായിരുന്നു. പുതിയ അഭ്യാസികൾക്കു വേണ്ടിയായിരുന്നു പരിശീലനം എങ്കിലും മുതിർന്ന അഭ്യാസികൾക്കും ഇതു കൊണ്ട് പ്രയോജനമുണ്ടായി എന്നുള്ളതാണ് ഇതു കൊണ്ടുള്ള മറ്റൊരു നേട്ടം. പരിശീലനത്തിന്റെ ബാലപാഠങ്ങൾ അയവിറക്കിയാൽ മാത്രമേ, നമ്മുടെ പരിശീലനത്തിൽ ഉണർവ്വും മേന്മയും ഉണ്ടാവുകയുള്ളൂ.



ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽ തല പ്രവർത്തനങ്ങൾ
നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6

### എച്ച്.പി.സി. മാനേജ്മൻറ് ഡെവലപ്മൻറ് ഇൻസ്റ്റിറ്റ്യൂട്, പൂന.

ഹിന്ദുസ്ഥാൻ പെട്രോളിയം ജീവനക്കാർക്കുവേണ്ടി, സപ്തംബർ 28 ന് നിഗ്ഡിയിൽ വെച്ച്, പിമ്പ്രി-ചിഞ്ച്വാഡ് കേന്ദ്രത്തിലെ അഭ്യാസികൾ ഒരു പരിശീലന പരിപാടി നടത്തി. അതിൽ "സന്തുലിതമായ ഒരു ജീവിതം എങ്ങനെ നയിക്കാം" എന്ന വിഷയത്തെ കുറിച്ച് ബ്രദർ സക്സേന ഒരു പ്രഭാഷണം ചെയ്യുകയുണ്ടായി. അമ്പതു പേർ പങ്കെടുത്ത ഈ പരിപാടിയിൽ സഹജമാർഗ പദ്ധതി എന്താണെന്ന് അവതരിപ്പിച്ചു. തുടർന്നുണ്ടായ ചോദ്യങ്ങൾക്കെല്ലാം തൃപ്തികരമായ മറുപടി നൽകുവാൻ സാധിച്ചു.



### സ്റ്റഡി ഗ്രൂപ്പ്, ഇൻഡോർ, യു.പി.

സപ്തംബർ 13ന് ബാബുജി മഹരാജിൻെറ സാർവ്വലൗകിക സന്ദേശങ്ങൾ എന്ന പുസ്തകത്തെക്കുറിച്ച് ഒരു പഠനശിബിരം സംഘടിപ്പിച്ചു. 35ഓളം അഭ്യാസികൾ ഈ പഠന ശിബിരത്തിൽ പങ്കെടുത്തു. സഹോദരൻ തമ്പാർ പൂജ്യ ബാബുജിയുടെ സന്ദേശങ്ങൾ അദ്ദേഹം മനസ്സിലാക്കിയത് മറ്റുള്ളവരുമായി പങ്കുവെച്ചു. സമർപ്പണം എന്നുള്ളത് ബാഹ്യോപചാരമോ പുറമെ കാണിക്കുന്ന വിധേയത്വമോ അല്ലെന്നും സ്വന്തം ഇച്ഛയാൽ ചെയ്യേണ്ട ഒരു കാര്യമാണെന്നും അഭ്യാസികൾക്ക് വ്യക്തമായി. തങ്ങൾക്കു ലഭിച്ചിട്ടുള്ള ആന്തരികമായ ആത്മീയ പുരോഗതിക്ക് യോജിച്ച വിധത്തിലുള്ള സ്വഭാവരൂപീകരണം എല്ലാ അഭ്യാസികളും വളർത്തി എടുക്കേണ്ടതാണെന്നും ഒരു സന്ദേശത്തിൽ ഊന്നി പറയുന്നുണ്ട്.

### സരായ് ഗ്രാമം, വിന്ധ്യാനഗർ .എം.പി.

ദൃശ്യ-ശ്രവണ മാദ്ധ്യമങ്ങളുടെ സഹായത്താൽ സഹജമാർഗത്തിൻെറ പ്രധാനവശങ്ങളെക്കുറിച്ചുള്ള ഒരു പ്രോഗ്രാം സരായ്ഗ്രാമിൽ വെച്ച് ജബൽപൂരിൽ നിന്നുള്ള ഒരു പരിശീലന സംഘം സപ്തംബർ 11 ന് നടത്തിയതിൽ 30ഓളം അഭ്യാസികൾ പങ്കെടുത്തു. ധ്യാനത്തെക്കുറിച്ചും ദശസൂക്തങ്ങളെക്കുറിച്ചും സഹോദരി സുനിത ശുക്ല വിശദീകരിച്ചു. സഹോദരി അർച്ചന കേസ്കർ പ്രാർത്ഥനയെക്കുറിച്ചും, ഡയറി എഴുതുന്നതിൻെറ ആവശ്യകതയെക്കുറിച്ചും സംസാരിച്ചപ്പോൾ ശുദ്ധീകരണത്തെക്കുറിച്ചും നിരന്തരസ്മരണയെപ്പറ്റിയും സഹോദരി കൃഷ്ണ പാണ്ഡ്യ സംസാരിച്ചു. തുടർന്നുണ്ടായ ചോദ്യോത്തര വേളയിൽ ബ്രദർ ആർ.കെ. ദാസ് പങ്കെടുത്തു.

"സഹജമാർഗം-ഒരവലോകനം" എന്ന വിഷയത്തെക്കുറിച്ച് വിന്ധ്യാനഗറിൽ വെച്ച് ഒരു പ്രോഗ്രാം നടത്തിയതിൽ അമ്പതോളം അഭ്യാസികൾ പങ്കെടുത്തു. മൂല്യങ്ങളെക്കുറിച്ച് ബ്രദർ നായക്ജി തയ്യാറാക്കിയ കുട്ടികളുടെ പ്രകടനം വളരെ ശ്രദ്ധേയമായിരുന്നു. തങ്ങൾ അനുഗ്രഹീതരായെന്ന് പഠിപ്പിക്കുവാൻ ചെന്ന പരിശീലകർ അഭിപ്രായപ്പെട്ടു. പഠിപ്പിക്കുവാൻ സാധിച്ചതിനേക്കാൾ കൂടുതൽ തങ്ങൾക്ക് പഠിക്കുവാൻ സാധിച്ചു എന്നവർ സമ്മതിച്ചു.



### ഉത്തര മഹരാഷ്ട്രയിലെ സന്ദർശനം

ഗുജറാത്തിനോടു ചേർന്ന് കിടക്കുന്ന ഉത്തര മഹാരാഷ്ട്രയിലെ ചില കേന്ദ്രങ്ങളിൽ സഹോദരന്മാർ വൈദ്യ, ടില്ലു, ഗിരീഷ് എന്നിവരുടെ നേതൃത്വത്തിൽ ചില അഭ്യാസികൾ സപ്തംബർ 19,20 തിയതികളിൽ സന്ദർശനം നടത്തി. സത്സംഗം, പ്രാദേശിക സംഘവുമായി ആശയവിനിമയം, പരിശീലന പരിപാടികൾ, ചർച്ചകൾ, സംശയ നിവാരണങ്ങൾ, ചോദ്യോത്തരങ്ങൾ മുതലായവ ഇവിടങ്ങളിൽ നടത്തുകയുണ്ടായി.

നാദുർബാർ, ജൽഗാവ്, ബുസാവൽ എന്നീ കേന്ദ്രങ്ങളിലും ഈ സംഘം സന്ദർശിച്ചു. നിരന്തരസ്മരണയിലും മാസ്റ്ററോടുള്ള സ്നേഹഭാവത്താൽ നിറഞ്ഞ ഹൃദയത്തോടും കൂടിയായിരുന്നു അവരുടെ യാത്ര. സന്ദർശിച്ച കേന്ദ്രങ്ങളിലെ അഭ്യാസികൾക്ക് സന്തോഷത്തിൻെറയും ആനന്ദത്തിൻെറയും ഒരന്തരീക്ഷം അനുഭവിക്കുവാൻ സാധിച്ചു.

### ഭദ്രാവതിയിലെ മിഷൻെറ ആദ്യവാർഷികം (കർണാടകം)

ഷിമോഗ ജില്ലയിലെ ഭദ്രാവതി കേന്ദ്രത്തിൽ സപ്തംബർ 11ന്



സഹജമാർഗം ആരംഭിച്ച് ഒരു വർഷം തികയുകയായിരുന്നു. ഒരു വർഷം കൊണ്ട് കുറച്ച് അഭ്യാസികളിൽ നിന്നും 40ഓളം അഭ്യാസികളായി ആ കേന്ദ്രം വളർന്നു. അഭ്യാസികളുടെ ഉത്സാഹവും അവിടെ വന്നിരുന്ന പ്രിസപ്റ്റർമാരുടെ പ്രവർത്തനത്താലും സർവ്വോപരി മാസ്റ്ററുടെ അനുഗ്രഹം കൊണ്ടുമാണ് ഇത് സാദ്ധ്യമായത് .

സത്സംഗത്തിനുശേഷം ബ്രദർ സി.ആർ.എൻ. മൂർത്തി, സഹോദരൻ ബി.എസ്. റാവു, സോൺ ഇൻ ചാർജ് ബ്രദർ ശരത് ഹെഗ്ഡെ എന്നിവർ സംസാരിച്ചു. അവനവനിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാനും അതുവഴി പദ്ധതിയുടെ ഗുണഫലങ്ങൾ അനുഭവിക്കുവാനും അവർ അഭ്യാസികളെപ്രോത്സാഹിപ്പിച്ചു. തങ്ങളുടെ അനുഭവത്തെക്കുർച്ച് അവിടത്തെ അഭ്യാസികൾ സംസാരിച്ചു. സാധനയുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുവാനും അഭ്യാസികൾക്ക് അവസരം നൽകി. ദശ സൂക്തങ്ങളെക്കുറിച്ച് കുട്ടികളുടെ അവതരണമുണ്ടായി. പരിപാടിയുടെ കാർമികത്വം വഹിച്ചിരുന്ന ഭദ്രാവതിയിലെ ഉത്സാഹഭരിതരായ അഭ്യാസികൾ ഭാവിയിൽ മിഷന് എന്തു ചെയ്യുവാൻ കഴിയുമെന്ന് കാണിക്കുകയായിരുന്നു.

### വി.ബി.എസ്.ഇ. ശിൽപശാല, ജയ്പൂർ

2009 ആഗസ്റ്റ് 23ന് ജയ്പൂർ ആശ്രമത്തിൽ വെച്ച് ഒരു ശിൽപശാല നടത്തുകയുണ്ടായി. ഇതിൽ നൂറോളം അഭ്യാസികൾ പങ്കെടുത്തു. എസ്.എം.ആർ.റ്റി.ഐ.യുടെ ഈ അവതരണത്തിൽ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പാഠ്യപദ്ധതിയിൽ നിന്നുള്ള ഉദാഹരണങ്ങൾ ഉൽപ്പെടുത്തിയിട്ടുണ്ടായിരുന്നു. ശുചിത്വം, സത്യസന്ധത, അച്ചടക്കം, എളിയ ജീവിതത്തിലും ഉയർന്ന ചിന്തയിലുമുള്ള വിശ്വാസം, സമയക്ലിപ്തത മുതലായ വിഷയങ്ങളെക്കുറിച്ച് ചിത്രങ്ങളുടെയും ദൃശ്യമാദ്ധ്യങ്ങളുടെയും സഹായത്താൽ പരിശീലകർ വിശദീകരിച്ചു.



# ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ

സോണൽ തല പ്രവർത്തനങ്ങൾ

നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6


## വി.ബി.എസ്.ഇ. പരിശിലനം,കേരള



ലോകത്തിലെ ഭാവി പൗരന്മാർ കുഞ്ഞുങ്ങളാണ്. നാം അവർക്ക് പകർന്നു കൊടുക്കുന്ന മൂല്യങ്ങൾ വളരെ പ്രാധാന്യമുള്ളവയാണ്. എറണാകുളം സെൻററിൽ സപ്തംബർ 27ന് വി.ബി.എസ്.ഇ. പരിശീലനം നൽകി. സ്മൃതി കോ–ഓർഡിനേറ്റർ ബ്രദർ എ. മാധവൻ പരിപാടി അവതരിപ്പിച്ചു. 71ഓളം അഭ്യാസികളും 13 കുട്ടികളും ഇതിൽ പങ്കെടുത്തു. കുട്ടികൾ വളരെ സന്തോഷത്തോടെ ഇതിൽ പങ്കെടുത്തു. അവർ മിഷൻ പ്രാർത്ഥന ചൊല്ലി കുറച്ചുനേരം കണ്ണടച്ചിരുന്നു. മൂല്യാധിഷ്ടിത കഥകൾ അവർക്ക് പറഞ്ഞു കൊടുത്തു. ആ കഥകളിൽനിന്നും അവർ മനസ്സിലാക്കിയതെന്തെന്ന് വിശദീകരിക്കുവാൻ അവരോട് ആവശ്യപ്പെട്ടു. വ്യത്യസ്തമായ അവരുടെ വീക്ഷണങ്ങൾ കൗതുകകരമായി തോന്നി.

കുട്ടികൾക്കായി വി.ബി.എസ്.ഇ. ക്ലാസ്സുകൾ നടത്തേണ്ടത് എങ്ങനെയെന്ന് വളണ്ടിയർമാരെ പരിശീലിപ്പിച്ചു. വി.ബി.എസ്.ഇ. ക്ലാസ്സുകൾ അറിവു പകരാനുള്ളതല്ല; പക്ഷേ, വിവേകത്തോടെ വളരാനുള്ളതാണ്. മിഷന്റെ വളർച്ചയിൽ തങ്ങളെകൂടി ഭാഗഭാക്കാക്കണമെന്ന് കുട്ടികൾ ആവശ്യപ്പെട്ടു.

## ലഖ്നൗ ആശ്രമത്തിൽ മരം നട്ടു പിടിപ്പിക്കൽ

ഈ മഴക്കാലത്ത് 1000 ൽ അധികം മരങ്ങൾ ലഖ്നൗ ആശ്രമത്തിൽ നട്ടു പിടിപ്പിച്ചു. 200 ഓളം പഴവർഗങ്ങളുടെ തൈകൾ വെച്ചു പിടിപ്പിക്കുന്നതിനായി ആസൂത്രണം ചെയ്യുന്നുണ്ട്.
ലഖ്നൗ ഡവലപ്മെന്റ് അതോറിറ്റി ഈ പരിപാടിയിൽ സജീവ പങ്കാളികളായി. അവർ 300 ഓളം തൈകൾ നൽകി. 2009 ആഗസ്റ്റ് 30 ന് സുബാഷ് പബ്ലിക് സ്കൂളിൽ നിന്നും, രജൻസ് പബ്ലിക് സ്കൂളിൽനിന്നുമായി 250 ഓളം വിദ്യാർത്ഥികൾ ആശ്രമം സന്ദർശിക്കുകയും ചെടികൾ നടുന്നതിന് സഹായിക്കുകയും ചെയ്തു.

## തിപ്തൂരിലെ സംഗമം, കർണാടകം

ഒക്ടോബർ 10, 11 തിയതികളിൽ ഹസ്സൻ, തുംകൂർ, മധുഗിരി, സി.എൻ.ഹള്ളി, ഹുളിയാർ, ചിക്മംഗ്ലൂർ തുടങ്ങിയ ഏഴു സെൻററുകളിൽ നിന്നും 120 ഓളം അഭ്യാസികൾ രണ്ടു ദിവസങ്ങളിലായി തിപ്തൂർ ആശ്രമത്തിൽ നടന്ന സെമിനാറിൽ പങ്കെടുത്തു. “സ്വയം പുനരർപ്പണം ചെയ്യുക” എന്നതായിരുന്നു സെമിനാറിന്റെ വിഷയം. ആദ്യ ദിവസം മാസ്റ്ററുടെ പുതിയ സന്ദേശങ്ങൾ വിശകലനം ചെയ്തു. ഒപ്പം, ഇടക്കിടെ അഭ്യാസികൾ സ്വയം വിശകലനം ചെയ്യേണ്ടതിന്റെ ആവശ്യകതയും ചർച്ചാ വിഷയമായി. വൈകീട്ട് സത്സംഗത്തിനുശേഷം ‘സ്നേഹസാഗരം’







എന്ന മനോഹരമായ വി.സി.ഡി. കാണിച്ചു. അതിനുശേഷം അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കു വെച്ചു.

രണ്ടാം ദിവസം ‘സേവനത്തിന്റെ പ്രാധാന്യം’ എന്ന വിഷയം അധികരിച്ച് ചർച്ച നടന്നു. സെൻററുകളിൽ നല്ല ടീം ഉണ്ടാവേണ്ടതിന്റെ ആവശ്യകതയും ചർച്ച ചെയ്തു. ടീം ഉണ്ടാക്കിയെടുക്കുവാനായി അടുത്ത ഓരോ സെൻററിനും അടുത്ത ഒരു വർഷത്തെ പരിപാടി ആസൂത്രണം ചെയ്തു. വൈകീട്ട് സത്സംഗത്തോടെ പരിപാടി അവസാനിച്ചു.

ആശ്രമത്തിൽ സന്തോഷകരമായ രണ്ടു ദിവസങ്ങൾ ചിലവഴിക്കുന്നതിന് പങ്കെടുത്തവർക്ക് അവസരം ലഭിച്ചു. ലക്ഷ്യത്തിൽ ശ്രദ്ധ നിലനിർത്തുന്നതിന് സഹായിക്കുന്നതിന് ഇടക്കിടെ ഇത്തരം പരിപാടികൾ നടത്തേണ്ടത് ആവശ്യമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

## ജീവിതത്തിൽ ധ്യാനത്തിന്റെ പ്രസക്തി, കാഷിപൂർ

ധ്യാനത്തിന് ജീവിതത്തിലെ പ്രസക്തി എന്ന വിഷയത്തെ അധികരിച്ച് ഒരു പ്രഭാഷണം സപ്തംബർ 10ന് നടത്തി. ചന്ദ്രവതി ഗേൾസ് ഡിഗ്രി കോളേജിലെ അദ്ധ്യാപകർ, ബിഎഡ്–ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾ തുടങ്ങി 100ഓളം പേർ പങ്കെടുത്തു.

ബ്രദർ(ഡോക്ടർ) അലോക് ടാണ്ടൻ വിഷയം അവതരിപ്പിച്ചു. ധ്യാനം എന്നാൽ എന്തെന്നും പൊതുജനം മനസ്സിലാക്കുന്നതിലെ വ്യത്യാസം എന്തെന്നും അദ്ദേഹം സരളമായി വിശദീകരിച്ചു.

എസ്.ആർ.സി.എം. സെക്രട്ടറി കൂടിയായ ബ്രദർ ആർ.പി. ഉമാശങ്കർ ആത്മീയതക്കായി ധ്യാനിക്കുന്നതിന്റെയും മറ്റു ആവശ്യങ്ങൾക്കായി ധ്യാനിക്കുന്നതിന്റെയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കി കൊടുത്തു.

ഒരു ദിവസത്തിൽ സമയം ഉപയോഗപ്രദമായി ചിലവഴിച്ചതിനേയും, ദുരുപയോഗം ചെയ്തതിനേയും പറ്റി പര്യാലോചിക്കാൻ അദ്ദേഹം വിദ്യാർഥികളോട് ആവശ്യപ്പെട്ടു. മറ്റുള്ളവരെ കുറ്റം പറയുന്ന സമയം ധ്യാനത്തിന് ഉപയോഗപ്പെടുത്താനാവുന്നതിനെപ്പറ്റി അദ്ദേഹം രസകരമായ ഉദാഹരണ സഹിതം വിശദീകരിച്ചു. അതിനുശേഷം ബ്രദർ അലോക് സഹജമാർഗത്തെപ്പറ്റി ചുരുക്കി സംസാരിച്ചു. പങ്കെടുത്തവർക്ക് പുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്തു. സഹജമാർഗത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനായി പ്രിഫക്റ്റുകളുമായി ബന്ധപ്പെടുവാൻ അവരോട് ആവശ്യപ്പെട്ടു.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽ തല പ്രവർത്തനങ്ങൾ
നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6

## യൂത്ത് സെമിനാർ, ബാംഗ്ലൂർ
### ഒക്റ്റോബർ 2 മുതൽ 4 വരെ



സഹജമാർഗ പരിശിലനം കുറച്ചു വർഷമായി തുടരുന്ന, തങ്ങളുടെ പരിശീലനത്തിന് ഉത്തേജകമാകാൻ സഹായകമാകുമെന്നു കരുതുന്ന യുവാക്കളെ ഉദ്ദേശിച്ചായിരുന്നു ഈ പരിപാടി ആവിഷ്കരിച്ചത്. തെക്കെ കർണാടക സോണിലെ സെൻറർ/പ്രിഫക്റ്റ് ഇൻ ചാർജുമാർ തിരഞ്ഞെടുത്ത 20–35 വയസ്സിനിടയിലുള്ളവരായിരുന്നു ഇതിൽ പങ്കെടുത്തത്. മിഷനിൽ മൂന്നു വർഷത്തിലേറെയായി പരിശീലിക്കുന്നവരായിരുന്നു ഇവരിൽ ഭൂരിഭാഗം പേരും.

വെളുപ്പിന് 4.30 ന് ധ്യാനം, വ്യായാമം, യോഗ, സത്സംഗം എന്നിവ, പരിപാടികൾ തുടങ്ങുന്നതിന് മുമ്പ് ഉണ്ടായിരുന്നു. രാവിലെ രണ്ടു പ്രധാന പരിപാടികൾക്കു ശേഷം വിവിധ കളികളും വളണ്ടറി ജോലികളും ഉണ്ടായിരുന്നു. മാസ്റ്റർ, മിഷൻ, പദ്ധതി എന്നിവയുടെ ഉള്ളടക്കത്തിലേക്ക് ആഴ്ന്നിറങ്ങാൻ, പങ്കെടുത്തവർക്ക് ഇതിലൂടെ കഴിഞ്ഞു. ഗ്രൂപ്പുകൾക്ക് പരസ്പരം സംവദിക്കുവാനും തങ്ങളുടെ അനുഭവങ്ങളും വീക്ഷണങ്ങളും പങ്കുവെക്കാനും അവസരമുണ്ടായി.

'ഒരു മാസ്റ്റർ, ഒരു മിഷൻ, ഒരു പദ്ധതി', 'അർഹതക്കായി സേവിക്കുക', 'ആത്മീയതയുടെ അടിത്തറ അനുസരണയാണ്', 'ആന്തരിക ലോകത്തെ അന്വേഷിക്കുക', 'വ്യക്തി വൈശിഷ്ടമില്ലാത്ത ആത്മീയത ഒരു മരീചികയാണ്' തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. സ്നേഹത്തിൻെറ പ്രസരണവും സാഹോദര്യവും പങ്കെടുത്തവരിൽ പ്രബലപ്പെട്ടു.

ഇത്തരം പരിപാടികൾ തങ്ങളുടെ സെൻററുകളിൽ നടത്തുന്നതിനായി ശ്രമിക്കുമെന്ന് പങ്കെടുത്തവർ അറിയിച്ചു. അഭിപ്രായങ്ങൾ പങ്കുവെക്കുകയും ഉത്തരങ്ങൾ സ്വയം തേടുകയും ചെയ്ത് പങ്കെടുത്തവരും നടത്തിപ്പുകാരും ഒരു തുറന്ന അന്തരീക്ഷം സൃഷ്ടിച്ചു.

## ഉത്തരാഖണ്ഡിലെ പ്രിഫക്റ്റ് സെമിനാർ

ഉത്തരാഖണ്ഡ് സോണിലെ 41 പ്രിഫക്റ്റുകൾ സപ്തംബർ 20–21 തിയതികളിൽ സത്കോൽ ആശ്രമത്തിൽ വെച്ചു നടന്ന ദ്വിദിന സെമിനാറിൽ പങ്കെടുത്തു. 'ഗുണ നിലവാരം കൂട്ടുക, എണ്ണം വർദ്ധിപ്പിക്കുക' എന്നതായിരുന്നു സെമിനാറിലെ പ്രധാന വിഷയം.
പ്രവർത്തനത്തെപ്പറ്റി സൊ. ഇൻ. ചാർജ് ബ്രദർ ചുപ്പാൽ ആദ്യദിനത്തിൽ വിശദീകരിച്ചു. തുടർന്ന് അദ്ദേഹം ഓരോ സെൻററിനും മെച്ചപ്പെടുവാനുള്ള മേഖലകൾ നിരീക്ഷിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രിഫക്റ്റ് റിപ്പോർട്ടിൽനിന്നും മെമ്പർഷിപ്പ് ഡാറ്റാബേസിൽനിന്നും ആണ് വിവരങ്ങൾ ശേഖരിച്ചത്. ആശ്രമം, ധ്യാനഹാൾ, തുടങ്ങിയവയുടെ പരിപാലനം, ഒരു സെൻററിലേക്കുള്ള മാസ്റ്ററുടെ സന്ദർശനം തുടങ്ങിയവക്കുള്ള മാതൃകാ ചട്ടങ്ങൾ അദ്ദേഹം വിശദീകരിച്ചു.

വൈകീട്ട് ബ്രദർ അലോക്, ഒരു സെൻററിൻെറ വിവിധ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് വിശദീകരിച്ചു. കാഷിപൂർ സെൻറർ ആണ് അദ്ദേഹം ഉദാഹരണമാക്കിയത്. തുറന്ന സദസ്സുകളും മുഴുദിന പരിപാടികളും എങ്ങിനെയാണ് നടത്തുകയെന്നത് അദ്ദേഹം അതിനുശേഷം വിശദീകരിച്ചു.

ഇൻറർനെറ്റിലൂടെയുള്ള ആശയവിനിമയത്തെ ആസ്പദമാക്കിയുള്ള ഒരു



പ്രദർശനത്തോടെ രണ്ടാമത്തെ ദിവസം തുടങ്ങി. മിഷൻ സൈറ്റിൻെറ വിവിധ ഭാഗത്തേക്കെത്തുന്നതെങ്ങനെയെന്ന് വിശദമാക്കി. അതിനുശേഷം സുരക്ഷയെപ്പറ്റിയുള്ള എ.പി. ദുരൈയുടെ പ്രഭാഷണം കാണിക്കുകയും വിശദീകരിക്കുകയും ചെയ്തു.

'ഗുണനിലവാരം വർദ്ധിപ്പിക്കുക, അഭ്യാസികളുടെ എണ്ണം വർദ്ധിപ്പിക്കുക ' എന്ന വിഷയത്തെ ആസ്പദമാക്കി ഗ്രൂപ്പ് ചർച്ചകളും അവതരണങ്ങളും നടത്തി. അതിനുശേഷം തിരുപ്പൂരിൽ വെച്ച് മാസ്റ്റർ നടത്തിയ പ്രഭാഷണത്തിൻെറ പ്രസക്തഭാഗങ്ങൾ വിശദീകരിച്ചു. ചിറ്റൂരിൽ മാസ്റ്റർ നടത്തിയ പ്രഭാഷണത്തിൻെറ ഹിന്ദി തർജ്ജമ അവതരിപ്പിച്ചു.
അഭ്യാസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പ്രിഫക്റ്റുകൾ കൂടുതൽ ജോലി ചെയ്യണമെന്നും, ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിന് ജോലിയിൽ ഹൃദയപൂർവം ഏർപ്പെടണമെന്നും നിർണ്ണയിക്കപ്പെട്ടു. ആത്മ പരിശോധനക്കും പഠനത്തിനുമായി ഉപയോഗിച്ച ഈ യോഗം വൈകീട്ട് നടത്തിയ സത്സംഗത്തോടെ അവസാനിച്ചു.

## ജഗ്ഗംപെട്ട്, എ.പി. യിൽ നടത്തിയ തുറന്ന സദസ്സ്

ആന്ധ്രാപ്രദേശിലെ കാക്കിനാടയിൽ നിന്നും 35 കി.മി. അകലെയുള്ള



ജഗ്ഗംപെട്ട് ഒരു ഗ്രാമപ്രദേശം പോലെയുള്ള വ്യാപാരനഗരമാണ്. ഏകദേശം അഞ്ചു ലക്ഷം പേർ നിവാസികളായുള്ള ഈ പട്ടണത്തിൽ അരി മില്ലുകൾ, ഓട്ടുനിർമാണ സ്ഥാപനങ്ങൾ എന്നിവയാണ് കൂടുതലായിട്ടുള്ളത്.
2006ൽ കുറച്ച് അഭ്യാസികളുമായി ഒരു സബ്സെൻറർ ഇവിടെ തുടങ്ങി. പിന്നീട് സഹജമാർഗത്തിൻെറ ലാളിത്യം ധാരാളം പേരെ ഈ പദ്ധതിയിലേക്കാകർഷിക്കുകയും, സ്ഥിരമായി പരിശീലനം നടത്തുന്ന 40ഓളം അഭാസികൾ ഉണ്ടാവുകയും ചെയ്തു. ഉത്സുകരായ തദ്ദേശവാസികളുടെ പ്രേരണയോടെ ബ്രദർ പി. സൂര്യനാരായണ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയും, വിവിധ പ്രായക്കാരായ 200 ആളുകൾ അതിൽ പങ്കെടുക്കുകയും ചെയ്തു.
'മതത്തിൽ ദൈവം പുറത്തും, ആത്മീയതയിൽ ദൈവം ഉള്ളിലും', 'ആത്മീയതയുടെ ആവശ്യം' തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഈ പരിപാടിയിൽ വിശദീകരിച്ചു. ആത്മീയത ഐഹികവിഷയമല്ലെന്നും, നിർബന്ധമായും പിന്തുടരേണ്ട ഒന്നാണെന്നും ഇവിടെ ശുപാർശ ചെയ്യപ്പെട്ടു. സഹജമാർഗ സാധനയിലൂടെ ഒരുവൻ എങ്ങനെ എല്ലാ സാഹചര്യങ്ങളിലും സമചിത്തത കൈവരിക്കാനാവുമെന്നും, അപ്രകാരം മാനുഷിക പരിപൂർണ്ണത നേടാനാവുമെന്നും വിശദീകരിക്കപ്പെട്ടു.
ബ്രദർ കെ. യദുസൂര്യ, സിസ്റ്റർ കെ. ജ്യോതി തുടങ്ങിയവർ ഈ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. സഹജമാർഗ പരിശീലനത്തെ തുടർന്ന് തങ്ങളിൽ വന്ന മാറ്റത്തെ കുറിച്ച് ബ്രദർ സി. ഭാസ്കർ റാവുവും, ബ്രദർ സി. വെങ്കട്ട് റാവുവും സംസാരിച്ചു.

# ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ

സോണൽ തല പ്രവർത്തനങ്ങൾ

നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6


### പുതുമയാർന്ന മുഴുദിന പരിപാടികൾ–കോയമ്പത്തൂർ സെൻററിൽ

സെൻററിൽ മുഴുദിന പരിപാടികൾ എല്ലാ ഞായറാഴ്ചയും നടത്തിയിരുന്നത്, ആദ്യത്തെ ഞായറാഴ്ച മാത്രമാക്കി മാറ്റുവാൻ കോയമ്പത്തൂർ സെൻറർ തീരുമാനിച്ചു. ഭൂരിഭാഗം അഭ്യാസികളുടെയും പങ്കെടുക്കൽ ഉറപ്പാക്കാൻ ഈ മാറ്റം കൊണ്ട് കഴിഞ്ഞു. എല്ലാ ആഴ്ചയും ഒരു ചെറിയ കൂട്ടം അഭ്യാസികൾ മാത്രമാണ് പങ്കെടുത്തിരുന്നത്. എല്ലാ അഭ്യാസികളേയും ആകർഷിക്കത്തക്ക വിധം വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധ കൊടുക്കുന്നുണ്ട്.

ബാബുജിയുടെ ഏതെങ്കിലും ഒരു പ്രസിദ്ധീകരണത്തിലെ പ്രത്യേക മൊഴിമുത്തുകൾ അഭ്യാസിയെ ആത്മീയ പാതയിൽ മുന്നേറ്റത്തിന് സഹായകമാകുന്ന തരത്തിൽ ഉപയുക്തമാക്കുന്നതിനായി പഠനവിഷയമാക്കുന്നു. 'സഹജമാർഗത്തിൻെറ വെളിച്ചത്തിൽ രാജയോഗത്തിൻെറ ഫലദായകത്വം', 'ദശസൂക്തങ്ങളുടെ വിശദീകരണം', 'സത്യോദയം' തുടങ്ങിയ മൂന്നു പുസ്തകങ്ങൾ ഇപ്രകാരം പഠന വിഷയമാക്കി. തുടർന്നും മറ്റു പുസ്തകങ്ങൾ വരും മാസങ്ങളിൽ എടുക്കുന്നതായിരിക്കും. വളണ്ടിയർമാർ, പ്രാസംഗികർ, ശിക്ഷകർ തുടങ്ങി എല്ലാവർക്കും ഉപകാരപ്രദമാണ് ഈ പരിപാടി. ബാബുജിയുടെ പുസ്തകങ്ങൾ വായിക്കുന്നതിന് അഭ്യാസികൾക്ക് പ്രചോദനമാകുന്നതിന് ഈ പരിപാടി സഹായിക്കുന്നു.
സഹജമാർഗത്തെക്കുറിച്ചുള്ള പ്രശ്നോത്തരി ആണ് മറ്റൊരു പരിപാടി. പരിശീലനപദ്ധതി, മിഷൻെറ ചരിത്രം, മാസ്റ്റർമാരുടെ ജീവിതം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ.
'വിസ്പേർസ് ഫ്രം ദി ബ്രൈറ്റർ വേൾഡ്' വായിക്കുന്നതിനാലുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ചർച്ചയുണ്ടായിരുന്നു.

"മാസ്റ്റർക്ക് സിംഹങ്ങളെയാണ് വേണ്ടത്, ആട്ടിൻ കുട്ടികളെയല്ല" എന്നു തുടങ്ങിയ സഹജമാർഗത്തിലെ ഉദ്ധരണികൾ ഗ്രൂപ്പ് ചർച്ചക്കായി എടുക്കുകയും, ചർച്ചക്കുശേഷം ഈ വിഷയങ്ങളെക്കുറിച്ച്, മാസ്റ്റർ എന്താണ് പറഞ്ഞിട്ടുള്ളത് എന്ന് അദ്ദേഹത്തിൻെറ പുസ്തകങ്ങളിൽ നിന്നും ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്.

### വടക്കേ കർണാടകയിലെ തുറന്ന സദസ്സുകൾ

ഒക്ടോബർ ഒന്നാം തീയ്യതി ബിദർ ജില്ലയിലെ ബാസവകല്യാണിലെ ബാസ്വേശ്വർ സ്കൂളിൽ ഒരു തുറന്ന സദസ്സ് നടത്തി. സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി നിർമ്മല ഷെത്ഗാറും 30 ഓളം ഹൈസ്കൂൾ അദ്ധ്യാപകരും ഇതിൽ പങ്കെടുത്തു. 'നമ്മുടെ ജീവിതത്തിൽ ആത്മീയതയുടെ ആവശ്യകതയെ കുറിച്ച് ബ്രദർ ശ്രീകാന്ത് ജോഷി ഹിന്ദിയിൽ സംസാരിച്ചു. ബ്രദർ മല്ലികാർജുൻ ഉപിൻ, 'മാസ്റ്റർ, മിഷൻ, പദ്ധതി' എന്നിവയെക്കുറിച്ച് സംസാരിച്ചു. രണ്ടു പ്രഭാഷണങ്ങളും കേൾവിക്കാരെ ആകർഷിച്ചു. ലഘുലേഖകൾ വിതരണം ചെയ്തു.

ഒക്ടോബർ 11 ന് ഗുൽബർഗയിലെ ചിതാപൂർ സെൻററിൽ 30 പേർ പങ്കെടുത്ത ഒരു തുറന്ന സദസ്സ് നടത്തി. ബ്രദർ ദേവേന്ദ്രപ്പ പങ്കെടുത്തവരെ സ്വീകരിച്ചു. ബ്രദർ ഗജേന്ദ്രസിംഗ് 'ആത്മീയതയുടെ ആവശ്യകതയെ' കുറിച്ച് സംസാരിച്ചു. ബ്രദർ രാജു കഷാപുർക്കാർ കന്നഡയിൽ 'മാസ്റ്റർ, മിഷൻ, പദ്ധതി' എന്നിവയെക്കുറിച്ച് സംസാരിച്ചു.


ഒക്ടോബർ 13 ന് ഏകദേശം 30 ഓളം റെയിൽവേ ജീവനക്കാർ ഗുൽബർഗ സ്റ്റേഷനിലെ ഒരു ഹാളിൽ ഒത്തുകൂടി. ബ്രദർ ഗജേന്ദ്രസിംഗ് സഹജമാർഗത്തിനെക്കുറിച്ചും ആത്മീയതയെക്കുറിച്ചും അവർക്ക് ഒരു ചെറിയ വിവരണം നൽകി. ബ്രദർ ശ്രീകാന്ത് ജോഷി സഹജമാർഗത്തിനെക്കുറിച്ചും മിഷനെക്കുറിച്ചും ഹിന്ദിയിൽ സംസാരിച്ചു. ബ്രദർ ദേഷ് പാണ്ഡെ മാസ്റ്റർമാരുടെ പരമ്പരയെക്കുറിച്ച് സംസാരിച്ചതിനു ശേഷം യോഗം അവസാനിച്ചു.





## പുതിയ പ്രസിദ്ധീകരണങ്ങൾ


കംപ്ലീറ്റ് വർക്സ് ഓഫ് ശ്രീ രാം ചന്ദ്ര

മൂന്ന് വാല്യങ്ങളിലായുള്ള ബോക്സ്ഡ് സെറ്റോടു കൂടിയ ഈ പ്രത്യേക എഡിഷൻ മാസ്റ്റർ ദീപാവലി ദിനത്തിൽ പ്രകാശനം ചെയ്തു.





മൈ മാസ്റ്റർ
മറാത്തി




ഹാർട്ട് സ്പീക്ക് 2003




ഹാർട്ട് സ്പീക്ക് 2004
വാല്യം–2, കന്നഡ



പ്രിൻസിപൾസ് ഓഫ്
സഹജ്മാർഗ് _II
തമിഴ്




എഫികെസി ഓഫ്
രാജയോഗ ഇൻ ദ ലൈറ്റ്
ഓഫ് സഹജ് മാർഗ്
സ്പാനിഷ്



സഹജ് മാർഗ് കെ ദസ്
നിയമോം കി വ്യാഖ്യ
സ്പെഷ്യൽ എഡിഷൻ



റിയാലിറ്റി അറ്റ് ഡോൺ
ഹിന്ദി



ഹാർട്ട് റ്റു ഹാർട്ട് വാല്യം I
മറാത്തി

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
പ്രകാശ കേന്ദ്രങ്ങൾ
നവംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 6









## ബാബുജി മെമ്മോറിയൽ ആശ്രമം, മുംബൈ








2004 ഫെബ്രുവരി 6, വസന്തപഞ്ചമി നാളിലാണ് പൂജ്യ മാസ്റ്റർ രാജ്യത്തിൻെറ വാണിജ്യ തലസ്ഥാനമായ മുംബൈയിലെ ആശ്രമം ഉദ്ഘാടനം ചെയ്തത്. മഹാരാഷ്ട്രയിലെ റായ്ഗഡ് ജില്ലയിലെ പൻവേൽ എന്ന പട്ടണത്തിലാണ് “പൻവേൽ ആശ്രമം” എന്നറിയപ്പെടുന്ന ഈ ആശ്രമം സ്ഥിതി ചെയ്യുന്നത്. മുംബൈയിൽ നിന്ന് ഏകദേശം 22 കി.മി. ദൂരെ, പൂനെ–മുംബൈ അതിവേഗപാതയിൽ ആണ് പൻവേൽ. 0.75 ഏക്കർ സ്ഥലത്തായി സ്ഥിതി ചെയ്യുന്ന ആശ്രമം, ചങ്കു കാനാ താക്കൂർ ഹൈസ്കൂളിന് എതിർവശത്താണ്. പൻവേൽ റെയിൽവേ സ്റ്റേഷനിൽ നിന്നും നടക്കാവുന്ന ദൂരമേ ആശ്രമത്തിലേക്കുള്ളു.

ഉയർന്ന സ്ഥലവിലയാണ് മുംബൈയിൽ ഒരു ആശ്രമം പണിയുന്നതിന് പ്രതികൂലമായിരുന്നത്. അഭ്യാസികളുടെ നിരന്തരമായ പരിശ്രമത്താലും മാസ്റ്ററുടെ പ്രോത്സാഹനവും നിഷ്ഠയും കാരണമാണ് ആശ്രമം അതിൻെറ മുഴുവനായ ഖ്യാതിയോടും കൂടി ഇന്നു കാണുമാറായത്.

1999 ജനുവരി 24 ന് പൻവേൽ റെയിൽവേ സ്റ്റേഷനു സമീപത്തുള്ള സ്ഥലം തീരുമാനിച്ചു. അവിടെ അദ്ദേഹം സത്സംഗം നടത്തി. ആ സ്ഥലം ആശ്രമ നിർമ്മാണത്തിന് ഉപയോഗിക്കുമെന്ന് അദ്ദേഹം സ്ഥിരീകരിച്ചത് അഭ്യാസികൾക്ക് അതീവ സന്തോഷമുളവാക്കി. മാസ്റ്റർ ആശ്രമത്തിന് ബാബുജി മെമ്മോറിയൽ ആശ്രമം എന്ന് നാമകരണം ചെയ്തു. ഒന്നര വർഷക്കാലയളവിൽ ആശ്രമം പണി, ഒട്ടനവധി അഭ്യാസികളുടെ പരിശ്രമത്താൽ തീർക്കുവാനായി. അദ്ദേഹത്തിനു വേണ്ടി പരിശ്രമിക്കുവാനുള്ള അവസരം അവർക്ക് അനുഗ്രഹമായി ലഭിച്ചു. 2004 ഫെബ്രുവരി 6 ന് മാസ്റ്റർ ആശ്രമം ഉദ്ഘാടനം ചെയ്തു.

ഇരുനില കെട്ടിടമായ ആശ്രമത്തിൽ, മാസ്റ്ററുടെ കോട്ടേജ്, ഭക്ഷണശാല, അടുക്കള, സ്ത്രീകളുടെ താമസ സൗകര്യം എന്നിവ താഴത്തെ നിലയിലാണ്. പുരുഷന്മാർക്കായി ഒരുക്കിയ താമസ സൗകര്യം ഒന്നാം നിലയിലും, ധ്യാന ഹാൾ രണ്ടാം നിലയിലുമാണ്. സി.ഐ.ഡി.സി.ഒ. അനുവദിച്ചു കൊടുത്ത ഒരേക്കർ സ്ഥലം ഗ്രീൻ സോണായി ഇവിടെ ഉപയോഗിക്കുന്നു. കൂടുതൽ മുറികളും, രണ്ടാം നിലയിൽ മാസ്റ്റർക്കായി പുതിയ കോട്ടേജിനുമായി ആശ്രമവിപുലീകരണത്തിന് മാസ്റ്റർ അനുമതി നൽകിയിട്ടുണ്ട്.

മുംബൈയിലും ചുറ്റുവട്ടത്തുമുള്ള അഭ്യാസികളുടെ ദൈനംദിന ജീവിതം തിരക്കു പിടിച്ചതും അശാന്തവുമാണ്. തദ്ദേശിയരായ അഭ്യാസികൾക്ക്, തങ്ങളുടെ സംഘർഷങ്ങളും മനക്ലേശങ്ങളും മറന്നുകൊണ്ട് പൂജ്യ മാസ്റ്ററുടെ സ്മൃതിയിൽ നിർവൃതിയടയാൻ ആശ്രമം ഉപയോഗപ്രദമാണ്. അതുകൊണ്ടുതന്നെ, കിട്ടുന്ന അവസരങ്ങൾ അവർ വിനിയോഗിക്കുന്നുമുണ്ട്.








To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india
For feedback, suggestions and news articles please send email to in.newsletter@srcm.org

© 2009 Shri Ram Chandra Mission ("SRCM"). All rights reserved.
“Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.